# സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി

## കേരള വനിതാ സമ്മേളനം

**2010 ജനുവരി 24**
**സ്വഫാ നഗർ**
**കുറ്റിപ്പുറം**

**ജമാഅത്തെ ഇസ്‌ലാമി**

## സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി

സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. അത് രൂപപ്പെടുന്നത് വ്യക്തികളിലൂടെയാണ്. വ്യക്തികൾ നന്നാവാതെ കുടുംബം ഭദ്രമാവുകയില്ല. കുടുംബം ഭദ്രമായാലേ സമൂഹം ആരോഗ്യകരമാവുകയുള്ളൂ. വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് കുടുംബമാണ്. അതിന്റെ കേന്ദ്രബിന്ദു മാതാവും. നിർമ്മലമായ മുലപ്പാലിനോടൊപ്പം നിഷ്കളങ്ക സ്നേഹം നൽകി തലമുറകളെ വാർത്തെടുക്കാനുള്ള ഉത്തരവാദിത്തം ഏൽപിക്കപ്പെട്ട ഉമ്മമാരിലൂടെയാണ് അത് സാധ്യമാകേണ്ടത്. കാലത്തിന്റെ മാറ്റത്തിൽ തകരാത്ത തലമുറയെ വാർത്തെടുക്കാൻ അല്ലാഹു ഏൽപ്പിച്ചത് മാതാക്കളുടെ മടിത്തട്ടുകളെയാണ്. തലമുറകളുടെ ആദർശവിശ്വാസങ്ങളും പെരുമാറ്റ രീതികളും സാംസ്കാരിക നിലവാരവും നിർണയിക്കുന്ന മടിത്തട്ടുകൾ സ്ത്രീക്ക് മാത്രം അവകാശപ്പെട്ടതാണ്. അപ്പോൾ തലമുറകൾക്ക് ജന്മം നൽകുന്ന അവൾ തന്നെയല്ലേ നാഗരികതയുടെ യഥാർത്ഥ ശിൽപി?

ചരിത്രവഴികളിൽ ഉജ്വലമായി പ്രശോഭിച്ചുനിൽക്കുന്ന അനേകം വനിതാരത്നങ്ങൾ. അവരുടെ പിൻമുറക്കാരി എങ്ങനെ പതിതയും ദുർബലയുമായി? ആരാണവളെ ചവിട്ടിത്താഴ്ത്തിയത്? ആദമിനെ സൃഷ്ടിച്ച അതേ സത്ത കൊണ്ടുതന്നെയാണ് ഹവ്വയേയും പടച്ചത്. ഉത്കൃഷ്ടതയിലും ആദരണീയതയിലും വ്യത്യാസം കൽപിച്ചില്ല. പക്ഷേ ഇന്ന് നമ്മുടെ സ്ഥാനം എവിടെയാണ്? ജീവിക്കാൻ മാത്രമല്ല, ജനിക്കാനുള്ള അവകാശമാണ് നമുക്കില്ലാതെ പോവുന്നത്.

ആറാം നൂറ്റാണ്ടിലെ അറേബ്യയെ ജാഹിലിയ്യാ കാലഘട്ടമെന്ന് ചരിത്രം വിശേഷിപ്പിച്ചത് സാംസ്കാരിക ജീർണത മൂലമാണ്. അതേ സാംസ്കാരിക ജീർണത കോലം മാറി ഇന്നും നിലനിൽക്കുന്നു. പെൺകുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന പാരമ്പര്യത്തിൽ നിന്നും അവളെ ഗർഭപാത്രത്തിന്റെ ഇരുളിൽ വെച്ചുതന്നെ കൊല്ലാനുള്ള സാങ്കേതിക മികവാണ് നാം നേടിയത്. സ്വർഗം മാതാവിന്റെ കാൽക്കീഴിലാണെന്നു പറയുമ്പോഴും മാതൃത്വത്തെ ഭയമാണ് നമുക്ക്. നമ്മുടെ നാണത്തിനും മാനത്തിനും നാം തന്നെ വിലയിട്ടു. നമ്മുടെ ഗർഭപാത്രങ്ങൾ നാം വാടകക്ക് വെച്ചിരിക്കുന്നു. മഹ്റിന്റെ കാര്യത്തിൽ ഭരണാധികാരിയോട് തർക്കിച്ചവളുടെ പിൻമുറക്കാരി സ്ത്രീധനം നൽകാൻ കഴിയാത്തതിന്റെ പേരിൽ എന്നും അവിവാഹിതയായി കഴിയുന്നു. അന്തഃപ്പുരത്തിലേയും അരമനകളിലേയും കാമനവസ്തുവല്ലെന്ന് മനസാ മന്ത്രിക്കുമ്പോഴും ഉടുതുണിയുരിഞ്ഞ് ചാനലുകൾക്ക് പിറകെ ഓടുകയാണ് നാം. കാലം ചാവുകടലിൽ അന്ത്യം കുറിച്ച സ്വവർഗരതിക്കാരുടെ പുനരാവിഷ്കാരമാണ് ഉള്ളറകളിൽ നടക്കുന്നത്.

ദൈവത്തെ ചോദ്യം ചെയ്യുന്നവർ വ്യാജ ദൈവ മാഫിയകൾക്ക് മണ്ണ് പാകപ്പെടുത്തിക്കൊടുക്കുകയാണ്. നമ്മുടെ കൗമാര കൗതുകങ്ങളൊക്കെയും ക്ലാസ്മുറികളിലും റെയിൽവേ ട്രാക്കിലും വിഷക്കുപ്പികളിലും ഒടുങ്ങുന്നു.

വിജ്ഞാനത്തിനും സ്വയം നിർണയാവകാശത്തിനും എതിരെ പൗരോഹിത്യം കാവൽ നിൽക്കുമ്പോൾ, നമുക്ക് പള്ളിയും പള്ളിക്കൂടവും വിലക്കിയ പൗരോഹിത്യ ജൽപനങ്ങളൊക്കെയും അവസാനിച്ചു എന്ന് നാം കരുതിയോ? എന്തേ നാം മൗനികളായത്? നമ്മുടെ ദൗത്യം എന്തേ നിർവ്വഹിക്കാത്തത്? "സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം നന്മ ഉപദേശിക്കേണ്ടവരാണെ"ന്ന ഖുർആനിക പ്രഖ്യാപനം ഉള്ളപ്പോൾ നാമെന്തിന് ഭയക്കണം? അധികാരത്തിന്റെ സംഘടിതശക്തിയോ പൗരോഹിത്യധാർഷ്ട്യമോ അതോ സ്വന്തം സുഖലോലുപതയോ എന്താണ് നമ്മെ വിലക്കുന്നത്?

ദൈവം മനുഷ്യനെ ഭൂമിയിലേക്കയച്ചത് സവിശേഷമായ പരിഗണനയോടും ആദരവോടും കൂടിയാണ്. യാതൊരു മേൽക്കോയ്മയും ആർക്കും ആരുടെയും മേൽ ഇല്ല. വ്യക്തമായ അവകാശങ്ങളും കൃത്യമായ ബാധ്യതകളും നമുക്കുണ്ട്. ഏത് സാമൂഹ്യഘടനയുടേയും സമൂല പരിവർത്തനം സ്ത്രീപുരുഷ സഹവർത്തിത്വത്തിലൂടെയേ സാധ്യമാവൂ. പെണ്ണിന്റെയും ആണിന്റെയും കൂട്ടായ ശക്തിയാണ് സമൂഹത്തിന്റെ ശക്തി എന്ന് നാം മനസ്സിലാക്കണം.

ഒരിറക്ക് വെള്ളത്തിന്നായി കലമെടുത്തോടുന്ന ഗ്രാമീണപ്പെണ്ണിന്റെ ദുരിതങ്ങൾ കാണാൻ മടിക്കുന്ന അധികാരികൾ, വെള്ളമല്ല കള്ളാണ് പ്രധാനമെന്ന മട്ടിൽ അബ്കാരികൾക്ക് കോടികൾ കൊയ്യാൻ കൂട്ടുനിൽക്കുന്ന സർക്കാർ നയങ്ങൾ, വർഗീയതയും വംശീയതയും വിതച്ച് രാഷ്ട്രീയ സാമ്പത്തിക നേട്ടങ്ങൾ കൊയ്തെടുക്കുന്നവർ, പലപല കരാറുകളിലൂടെ നമ്മെ ദുരിതത്തിലേക്ക് നയിക്കുന്ന ഭരണകർത്താക്കൾ, അന്തിമമായി ഇതിന്റെയൊക്കെ ഇരകളും ദുരിതമനുഭവിക്കുന്നവരും നമ്മൾ സ്ത്രീകളാണെന്ന യാഥാർത്ഥ്യം നാം കാണാതെ പോയോ?

ഇവിടെ വിജ്ഞാനം പടവാളാക്കി, ആദർശം ഉയർത്തിപ്പിടിച്ച്, യഥാർത്ഥ സാമൂഹ്യവിപ്ലവത്തിനായ് നാം പൊരുതണം. ഹിറയുടെ ഉള്ളിൽ തെളിഞ്ഞ പ്രകാശം കെടാതെ സൂക്ഷിക്കാനുള്ള ബാധ്യത മറ്റാരേക്കാളും നമുക്കുണ്ട്. പാരമ്പര്യ പഠനത്തിനപ്പുറം ശാസ്ത്രവും സാങ്കേതികതയും നമ്മുടെ കൈകൾക്ക് വഴങ്ങണം. ഭൗതികവും ആത്മീയവുമായ വളർച്ചക്കാവശ്യമായ വിദ്യ നാം ആർജ്ജിക്കണം. സാമ്പത്തികരംഗം മാന്ദ്യം നേരിടുമ്പോൾ ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിലും വൈവിധ്യമാർന്ന വിപണനസാധ്യതകൾ കണ്ടെത്തുന്നതിലും നാം സഹകാരികളാകണം. ജനാധിപത്യത്തിന്റെ എല്ലാ വശങ്ങളേയും അഴിമതിയും അധാർമികതയും പിടിമുറുക്കിയിരിക്കുകയാണ്. ഭരണചക്രം നോട്ടുകെട്ടുകളിൽ തിരിയുന്നു. പൗരസഞ്ചയത്തിന്റെ ഭാഗമെന്ന നിലയിൽ ഈ രാഷ്ട്രീയ വ്യവസ്ഥ മാറ്റിയെടുക്കുവാൻ നമുക്കെന്ത് ചെയ്യാനാകുമെന്ന് ചിന്തിക്കണം. വെറുമൊരു വോട്ട്ബാങ്കല്ല അധികാര പങ്കാളിയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് നമ്മുടെ അവകാശങ്ങളേയും കർത്തവ്യങ്ങളേയും കുറിച്ച് നാം ബോധവതികളാകണം.

സാമ്പത്തിക സ്വാശ്രയത്വം നേടിയാൽ എല്ലാമായി എന്ന അന്ധവിശ്വാസം മാറ്റിവെച്ച് സാമൂഹികതിന്മകളെ ഇല്ലാതാക്കിയാലേ യഥാർത്ഥ ശാക്തീകരണം സാധ്യമാകൂ എന്ന് സമൂഹത്തെ നാം ബോധ്യപ്പെടുത്തണം. പുരുഷനെ പ്രതിയോഗിയും എതിരാളിയുമായി കാണുന്ന ഫെമിനിസമല്ല, കുടുംബത്തെ ചേർത്തുപിടിച്ചുള്ള മുന്നേറ്റമാണ് ആവശ്യം.

സ്ത്രീ ശാക്തീകരണം വലിയ പദ്ധതിയായി ലോകം ഏറ്റെടുക്കുമ്പോൾ, സ്ത്രീസമൂഹത്തിന്റെ പൂർണമായ വളർച്ചയും വികാസവും സമൂഹനിർമാണത്തിൽ ക്രിയാത്മകമായി പങ്കുവഹിക്കാവുന്ന വിധത്തിൽ ആവണമെങ്കിൽ പൗരോഹിത്യം കെട്ടിയേൽപ്പിച്ച അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും തൂത്ത് മാറ്റണം. ആധുനികത കെട്ടഴിച്ചുവിട്ട അശ്ലീലതക്കും നിർലജ്ജലതക്കും അരാജകത്വത്തിനും അറുതിവരുത്തണം. മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് കുടുംബത്തിന്റെ ഭദ്രതക്ക് ഊന്നൽ നൽകി സമൂഹത്തിന്റെ സംസ്കരണത്തിനും പരിവർത്തനത്തിനും നേതൃത്വം നൽകണം.

ചരിത്രത്തിൽ ഉജ്വലശോഭ പരത്തിയ സ്ത്രീരത്നങ്ങളുടെ മാതൃക പിൻപറ്റി നന്മയുടെ ശക്തികൾക്ക് കരുത്തുപകരുക. കേരള വനിതാ സമ്മേളനത്തിന് സ്ത്രീ വിലാപങ്ങൾക്ക് അന്ത്യം കുറിച്ച മഹാസമ്മേളനമെന്ന ഖ്യാതി ഉണ്ടാക്കാനുള്ള യത്നത്തിൽ പങ്കാളികളായി ഈ ചരിത്രദൗത്യം എറ്റെടുത്തു നടത്തുക.

2010 ജനുവരി 24ന് കുറ്റിപ്പുറത്ത് സ്വഫാനഗറിൽ നടക്കുന്ന കേരള വനിതാസമ്മേളനത്തിലേക്ക് എല്ലാ സഹോദരിമാർക്കും ഹൃദ്യമായ സ്വാഗതം.

❖ ❖ ❖

**ജമാഅത്തെ ഇസ്‌ലാമി**
പി.ബി. നമ്പർ: 833, ഹിറാസെന്റർ, മാവൂർ റോഡ്,
കോഴിക്കോട്- 673004, കേരള, ഇന്ത്യ
ഫോൺ: 0495 2721655, ഫാക്സ്: 0495 2724524
email: jihwomenkerala@gmail.com,
hiracentre@jihkerala.org , www.jihkerala.org